Mathrubhumi 05-01-19,p-09

# സിംപിളാണ് ഇലക്കറി, പവർഫുള്ളും

▸ പോഷകസമ്പുഷ്ടമായ ആരോഗ്യപരിപാലനത്തിന് ഏറ്റവുമധികം സഹായിക്കുന്ന ഇലക്കറികളിൽ അടങ്ങിയിരിക്കുന്ന റൂബിസ്ലോ, മദ്യാസക്തിക്കും വിട്ടുമാറാത്ത വേദനകൾക്കും വിഷാദരോഗം പോലെയുള്ള മാനസികാവസ്ഥകൾക്കും ഉത്തമപരിഹാരമെന്ന് പഠനം. അമേരിക്കയിലെ പർദു സർവകലാശാലയിലെ ഗവേഷകരാണ് പഠനം നടത്തിയത്.

സി-ഫോർ സസ്യങ്ങളുടെ ജൈവരാസപ്രക്രിയയ്ക്ക് സഹായിക്കുന്ന രാസാഗ്നിയാണ് റൂബിസ്ലോ. ഈ രാസാഗ്നിയിൽ അടങ്ങിയിരിക്കുന്ന രണ്ടു പ്രോട്ടീൻ തന്തുക്കളാണ് (പെപ്‌ടൈഡുകൾ) രോഗാവസ്ഥയ്ക്ക് ശമനം നൽകുന്നതെന്ന് ഗവേഷകർ കണ്ടെത്തി. ഇവയടങ്ങിയ മരുന്നുകൾ ശരീരത്തിലേക്ക് കുത്തിവെക്കാതെതന്നെ ഉപയോഗിക്കാം. ഈ പ്രോട്ടീൻ തന്തുക്കളുള്ള മരുന്നുകൾ രക്തക്കുഴലുകളിൽ ആഴ്ന്നിറങ്ങി നാഡീവ്യൂഹത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുമെന്ന് ഗവേഷകർ പറഞ്ഞു. പാർശ്വഫലമില്ലാത്ത രീതിയിലാണ് പെപ്‌ടൈഡുകൾ പ്രവർത്തിക്കുന്നത്.



'മദ്യാസക്തിയും വിഷാദരോഗവും കൃത്യമായി കൈകാര്യം ചെയ്യേണ്ടതുണ്ട്. രോഗലക്ഷണങ്ങൾക്കുള്ള ചികിത്സമാത്രം പോരാ, മനുഷ്യന്റെ ശാരീരികവും മാനസികവും സാമൂഹികവുമായ ഘടകങ്ങളെയും പരിഗണിക്കണം. പാർശ്വഫലമില്ലാതെ മരുന്നുകൾ നൽകണം' -പർദു സർവകലാശാലയിലെ അസിസ്റ്റന്റ് പ്രൊഫസർ റിച്ചാർഡ് വാൻ റിജിൻ പറഞ്ഞു. യൂറോപ്യൻ ഫാർമക്കോളജി ജേണലിലാണ് കണ്ടെത്തലുകൾ പ്രസിദ്ധീകരിച്ചിരിക്കുന്നത്.